**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 163

27.02.2017- ൽ
മറുപടിക്ക്

## പോലീസ് സേനാംഗങ്ങൾക്കായുള്ള ക്യാന്റീൻ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്** | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രവർത്തനമാരംഭിച്ച പോലീസ് സേനാംഗങ്ങൾക്കായുള്ള ക്യാന്റീനിലേക്ക് വിൽപ്പനക്കായി വിവിധ ഉൽപ്പന്നങ്ങൾ വാങ്ങുന്നത് ഏതു രീതിയിലാണ്; ഇവിടെ കമ്പനികളിൽ നിന്നും നേരിട്ടാണോ അതോ ഇടത്തട്ടുകാരുടെ ഇടപെടലിന് ശേഷമാണോ ഉൽപ്പന്നങ്ങൾ വിൽപ്പനയ്ക്കായി എത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ;<br><br>(ബി) കമ്പനികളിൽ നിന്നും നേരിട്ട് ശേഖരിക്കാത്ത ഉൽപ്പന്നങ്ങൾ ക്യാന്റീൻ വഴി വിൽക്കുന്നതിന് അനുമതി ഉണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം ഉത്പന്നങ്ങളാണെന്നും അവ ഏതു വിധത്തിലാണ് ശേഖരിക്കുന്നതെന്നും വ്യക്തമാക്കുമോ; | (എ) യും (ബി) യും | കേരളത്തിലെ സെൻട്രൽ പോലീസ് ക്യാന്റീനിൽ വിൽക്കുന്നതിനാവശ്യമായ സാധനങ്ങൾ രണ്ട് രീതിയിലാണ് വാങ്ങുന്നത്.<br>1. <u>സെൻട്രൽ പോലീസ് ക്യാന്റീൻ (സി.പി.സി)യിൽ നിന്നുള്ള വാങ്ങൽ</u><br>ഇവിടെ നിന്നും വാങ്ങുന്ന സാധനങ്ങളുടെ ക്യാന്റീൻ വില നിർണ്ണയിക്കുന്നത് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിനു കീഴിലുള്ള സെൻട്രൽ പോലീസ് ക്യാന്റീൻ ആണ്.<br>2. <u>നോൺ സെൻട്രൽ പോലീസ് ക്യാന്റീൻ സാധനങ്ങൾ</u><br>ടി സാധനങ്ങളുടെ വില നിർണ്ണയിക്കുന്നത് കേരളാ പോലീസിന്റെ സെൻട്രൽ പർച്ചേസ് കമ്മിറ്റി അഥവാ പ്രോഡക്ട് പർച്ചേസ് കൺസൽട്ടേഷൻ കമ്മിറ്റിയാണ്.<br><br>രണ്ടു വിഭാഗങ്ങളിലും അംഗീകൃത കമ്പനികളിൽ നിന്നോ ടി കമ്പനികൾ ചുമതലപ്പെടുത്തിയ അംഗീകൃത വിതരണക്കാരിൽ നിന്നോ ആണ് പോലീസ് ക്യാന്റീനിൽ വിൽക്കുന്നതിനാവശ്യമായ സാധനങ്ങൾ വാങ്ങുന്നത്. |
| (സി) ഈ സ്ഥാപനം വഴി ഗുണമേന്മ ഇല്ലാത്ത ഉൽപ്പന്നങ്ങൾ വിൽക്കുന്നത് സർക്കാരിനെ വിശ്വസിച്ച് എത്തുന്ന സേനാംഗങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിഷയം ഗൗരവമായി കാണുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പോലീസ് ക്യാന്റീനിൽ വിതരണം ചെയ്യുന്ന സാധനങ്ങളിൽ അവയുടെ വില, ഗുണനിലവാരം ഇവ സംബന്ധിക്കുന്ന എന്തെങ്കിലും പരാതി ഉണ്ടെങ്കിൽ അവ രേഖാമൂലം ചെയർമാൻ, പർച്ചേസ് കമ്മിറ്റിയെ തപാൽ മുഖേനയോ, മെയിൽ വഴിയോ അറിയിക്കാവുന്നതാണ്. കൂടാതെ കേരളത്തിലെ സബ്സിഡിയറി സെൻട്രൽ പോലീസ് |

ക്യാന്റീനുകളിൽ വിതരണം ചെയ്യുന്ന സാധനങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള അപാകത കണ്ടെത്തിയാൽ ആയത് വളരെ ഗൗരവമായി കാണുകയും, ടി സാധനങ്ങൾ പിൻവലിക്കുകയും ടി വിതരണ കമ്പനിയെ പോലീസ് ക്യാന്റീൻ പർച്ചേയ്സ് ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുകയും ചെയ്യുന്നതാണ്.

സെക്ഷൻ ഓഫീസർ